**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1253** **10-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് മഴക്കാലത്ത് പൊട്ടിപൊളിഞ്ഞ് യാത്രാക്ലേശം നേരിടുന്നതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിലെ റോഡുകൾ റണ്ണിംഗ് കോൺട്രാക്റ്റ് ഉൾപ്പെടെയുള്ള പദ്ധതികളിൽ പെടുത്തി പരിപാലിച്ചു വരുന്നുണ്ട്. പ്രകൃതി ക്ഷോഭം മൂലവും യൂട്ടിലിറ്റി പ്രവൃത്തികൾ മൂലം തടസ്സപ്പെട്ടതുമായ റോഡുകളിൽ ചിലയിടങ്ങളിൽ തകരാറുകൾ ഉണ്ട്. ഇവ പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | ഇത്തരത്തിലുള്ള റോഡുകളുടെ അടിയന്തരമായ പുനർനിർമ്മാണ പ്രവൃത്തികൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | പുനർനിർമ്മാണ പ്രവൃത്തികൾ താഴെ ചേർക്കുന്നു.<br><br>1) നെന്മാറ - നെല്ലിയാമ്പതി റോഡിലെ 15/500 ൽ സംരക്ഷണഭിത്തിക്ക് ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായി 24.60 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി<br><br>2) മണ്ണിടിച്ചൽ മൂലം culvert, drain മുതലായവ അടഞ്ഞത് വൃത്തിയാക്കുന്നതിനായി 3.33 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br><br>3) കി.മീ. 13/120, 19/350 എന്നീ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമിക്കുന്നതിനായി 45.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി. ടി റോഡ് നിലവിൽ കെ.എസ്.ടി.പി യുടെ RKI പദ്ധതിയിൽ ഉൾപ്പെടുത്തി BM & BC നിലവാരത്തിൽ നവീകരിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>4) വടക്കഞ്ചേരി - പൊള്ളാച്ചി റോഡിൽ JJM പ്രവൃത്തി വൈകിയതു മൂലമുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഒടുക്കിയ തുകയുടെ ഒരു വിഹിതം ഉപയോഗിച്ച് അറ്റകുറ്റപ്രവൃത്തികൾ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

5) ചുള്ളിയാർഡാം വെള്ളാരം കടവ് റോഡിൽ, ചുള്ളിയാർ ഡാം Desiltation പ്രവൃത്തിയുമായി ബന്ധപ്പെട്ട് അമിതഭാരം കയറ്റിയ വാഹനങ്ങൾ ഓടുന്നതുമൂലവും JJM പ്രവൃത്തിയിൽ റോഡ് പൊളിച്ച് പൈപ്പ് ഇട്ട് പുനഃസ്ഥാപനം ആരംഭിക്കാത്തതുമൂലവും ആണ് റോഡിന് കേടുപാടുകൾ ഉണ്ടായിട്ടുള്ളത്. കേടുപാടുകൾ Desiltation പ്രവൃത്തി ചെയ്യുന്ന കരാറുകാർ തന്നെ അവരുടെ ചെലവിൽ അറ്റകുറ്റപ്രവൃത്തികൾ ചെയ്തിട്ടുണ്ട്. JJM പ്രവൃത്തിയുടെ പുനസ്ഥാപനം അടിയന്തരമായി നടപ്പിലാക്കുന്നതിന് DICC മീറ്റിംഗിൽ ആവശ്യപ്പെട്ടതു പ്രകാരം ഉടൻ ആരംഭിക്കുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

6) നെന്മേനി-സീതാർകുണ്ട് റോഡിൽ arrange ചെയ്ത ബി.എം. &ബി.സി. upgradation പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്യുകയും പ്രവൃത്തി സാങ്കേതികാനുമതി നൽകുന്ന വേളയിലുണ്ടായിരുന്ന 12% GST നിരക്കായതിനാൽ നിലവിലെ അധികരിച്ച 18% GST ഉൾപ്പെടുത്തി ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7)കൊടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി റോഡിൽ പല്ലാവൂർ ഭാഗത്ത് റോഡിന്റെ ഷോൾഡർ GSB, WMM എന്നിവ ഉപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

8) കൊടുവായൂർ - തൃപ്പാള്ളൂർ റോഡിൽ കി.മീ. 2/100 മുതൽ 3/000 വരെയുള്ള ഭാഗത്ത് ബി എം & ബി സി ചെയ്യുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചു വരുന്നു. ഈ റോഡിൽ കി.മീ. 2/300ൽ തകർന്ന സംരക്ഷണഭിത്തി നിർമിക്കുന്നതിനായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

9)പറമ്പിക്കുളം-സേതുമട റോഡിൽ കി.മീ. 6/000 മുതൽ 10/000 വരെയുള്ള ഭാഗത്ത് റീ-ടാറിംഗ് ചെയ്യുന്നതിനായി 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ടി റോഡിൽ തുണക്കടവ് ഡാമിന്റെ താഴ്വരയിൽ കി.മീ. 11/700 ൽ ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായി 35 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പറമ്പിക്കുളം ഭാഗത്ത് Road from top of Dam right flank to bridge below Dam km 0/000-0/952, Road from Bridge below Dam to top of Dam left

| | | | | |
|---|---|---|---|---|
| | | | | flank km 0/000-0/978, Road from top of Dam left flank to earth side Dam km 0/000- 0/965 എന്നീ റോഡുകളുടെ റീ-സർഫസിംഗിനായി 95.80 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിലാണ്.<br><br>10) Road connecting to AE's and EE's quarters from Parambikulam Circle km 0/000-0/846, Access road to Peruvarippalam Dam km 0/000-0/690 എന്നീ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>11)മഴക്കാലത്ത് കേരള വാട്ടർ അതോറിറ്റി restore ചെയ്തിട്ട് കേടുപാടുകൾ വന്നിട്ടുള്ള റോഡുകളായ കൊടുവായൂർ-പല്ലാവൂർ-വിത്തനശ്ശേരി, കരിപ്പോട-പല്ലശ്ശന, വടക്കഞ്ചേരി- പൊള്ളാച്ചി റോഡുകളിലും, കേരള വാട്ടർ അതോറിറ്റി restore ചെയ്യേണ്ടതായ മറ്റ് റോഡുകളിലും അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി അധികൃതരെ അറിയിച്ചിട്ടുണ്ട്.<br><br>ഇതുകൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള മറ്റ് റോഡുകളിൽ ഉണ്ടായ കേടുപാടുകൾ RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി പരിഹരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ